# ആമുഖം

“ The woods are lovely dark and deep...............
But I have promises to keep and
miles to go before I sleep
miles to go before I sleep”

“Robert Frost”

ഭൂമിയിലേക്കും വച്ച് ഏറ്റവും മധുരമേറിയ വികസനം ഏതാണ്............... നാം ഒരോ പ്രജകളും നിരന്തരമായി ചോദിക്കുന്ന ചോദ്യവും, അവരെ പ്രതിനിധീകരിക്കുന്നവർ ഏറ്റവും കൂടുതൽ അന്വേഷിക്കുന്നതും ഈ ചോദ്യത്തിന്റെ ഉത്തരവുമാണ്. നിശ്ചയമായും തങ്ങളുടെ മുമ്പിൽ കാണുന്ന മനുഷ്യരിൽ ഏറ്റവും പാവപ്പെട്ടവനിലേക്ക് എത്താൻ കഴിയുന്ന ഒന്നിനെയാണ് വികസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. 1996 ന് ശേഷം കേരളം ലോകത്തിന് നൽകിയ വികസന മാതൃകയായ ജനകീയാസൂത്രണ പദ്ധതിയുടെ 25 വർഷത്തിൽ എത്തി നിൽക്കുന്ന ഈ അവസരത്തിൽ നിശ്ചയമായും നിരവധിയായ നേട്ടങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാനാകും.

എന്നാൽ ഇന്നലകളിലെ നേട്ടങ്ങളിൽ അഭിമാനിക്കുകയും അതിൽ പുളകം കൊണ്ടിരിക്കുകയും ചെയ്യുക എന്നതല്ല ഇന്നിന്റെ ആവശ്യം .........പുതുകാലത്തേക്ക് നമ്മുടെ നാടിനെ നയിക്കുക എന്നതാണ്. നമ്മുടെ കൊരട്ടി അടുത്ത 25 വർഷം കഴിയുമ്പോൾ എന്താകണം എന്ന സ്വപ്നത്തിൽ നിന്നാണ് നമ്മുടെ പരിമിതമായ വിഭവങ്ങൾ വച്ച് കൊണ്ട് അപരിമിതമായ ആവശ്യങ്ങൾ നിവർത്തിക്കാൻ ശ്രമിക്കുന്നത്. ഇത് നാം ഒറ്റയ്ക്കല്ല കൂട്ടമായി നിർവ്വഹിക്കേണ്ട ചുമതലയാണ്.

അങ്ങേയറ്റം ജനപങ്കാളിത്തത്തോടെ പ്രാതിനിത്യ ജനാധിപത്യത്തിന്റെ അപ്പുറത്തേക്ക് കടന്ന അബാലവൃദ്ധം ജനങ്ങളുടെയും അഭിപ്രായങ്ങളും പ്രതീക്ഷകളും നമ്മുക്ക് സാക്ഷാത്ക്കരിക്കേണ്ടതുണ്ട്. സ്ഫടികതുല്യമായി............ സുതാര്യമായി ..........പദ്ധതികളെ ആസൂത്രണം ചെയ്യുക........ അത് അതിവേഗത്തിൽ അഴിമതിരഹിതമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ഈ വാർഷിക ബജറ്റ് 2022-23 അഭിമാനപൂർവ്വം നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന്
പി. സി. ബിജു
പ്രസിഡന്റ്, കൊരട്ടി ഗ്രാമപഞ്ചായത്ത്

## തെളിനീർ (സമ്പൂർണ്ണ കുടിവെള്ള പഞ്ചായത്ത് )

കൊരട്ടി പഞ്ചായത്തിലെ ഏറ്റവും വലിയ അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്നായ കുടിവെള്ള കുറവ് പരിഹരിക്കുക എന്നതാണ് തെളിനീർ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത് . ജനകീയാസൂത്രണ പദ്ധതിയുടെ 25-ാം വർഷം ആഘോഷിക്കുമ്പോഴും പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ഇപ്പോഴും വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള പ്രശ്നമാണ് നാം അഭിമുഖീകരിക്കുന്നത്. ഈ പ്രശ്നത്തെ ഈ വർഷം തന്നെ സമ്പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുംവിധത്തിൽ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയെ പൂർണ്ണമായും ഉപയോഗപ്പെടുത്തികൊണ്ട് മുഴുവൻ സമയം കുടിവെള്ളം ലഭ്യമാക്കുന്നു. തെളിനീർ പദ്ധതിയിലേക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു. ഈ വർഷത്തോടെ ഈ പദ്ധതി പൂർണ്ണമായും പൂർത്തികരിക്കണമെന്ന ലക്ഷ്യമാണ് നാം മുന്നോട്ട് വയ്ക്കുന്നത്.

## സ്നേഹക്കൂടാരം – ലൈഫ് പദ്ധതി

## (സമ്പൂർണ്ണ കുടിൽ രഹിത പഞ്ചായത്ത്)

കഴിഞ്ഞ ബജറ്റിൽ നാം ഏറെ അഭിമാനത്തോടെ മുന്നോട്ട് വെച്ച പദ്ധതിയാണ് സ്നേഹക്കൂടാരം സമ്പൂർണ്ണ കുടിൽരഹിത കൊരട്ടി പഞ്ചായത്ത് എന്നത്. അത് നാം സ്വപ്നം കണ്ട വഴിയിലൂടെ ബഹുദൂരം മുന്നോട്ട് പോയി . 1971 ൽ പണി പൂർത്തീകരിച്ച ഏറെ ശോചനീയമായ 64 ഇരട്ട വീടുകളിൽ 37 വീടുകളിൽ ഏതാനും മാസങ്ങൾക്കുള്ളിൽ സുരക്ഷിതമായ ഭവനം പണി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറാൻ കഴിയും എന്നാണ് നാം പ്രതീക്ഷിക്കുന്നത്. ബാക്കിയുള്ള 27 വീടുകളും അടുത്ത വർഷം നമ്മൾക്ക് പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ അതിലേക്ക് പഞ്ചായത്തിന്റെ 27 ലക്ഷം രൂപയും, ലൈഫ് പദ്ധതി, മുരിങ്ങൂർ എസ്.സി ഫ്ലാറ്റ് എന്നീ നിർമ്മാണത്തിലേക്ക് ജില്ലാ-ബ്ലോക്ക്-പഞ്ചായത്തിന്റെ വിഹിതം ആയി 3 കോടി രൂപയും വകയിരുത്തുന്നു.

## നിലാവ്- സമ്പൂർണ്ണ സ്ട്രീറ്റ് ലൈൻ എൽ.ഇ.ഡി പഞ്ചായത്ത്

കൊരട്ടി പഞ്ചായത്ത് അതിവേഗത്തിൽ നഗര സ്വഭാവത്തിലേക്കും , അതി വേഗതയിൽ ഉള്ള നഗരവൽക്കരണത്തിലേക്കും ആണ് മാറി കൊണ്ടിരിക്കുന്നത് . ഇൻ ഫോപാർക്ക്, കിൻഫ്രാ പാർക്ക് എന്നിവയുടെ വളർച്ച അത്യാന്തികമായി കൊച്ചിയുടെ ഒരു വികസനത്തിൽ ആയി കൊരട്ടിയെ മാറ്റിയിരിക്കുകയാണ് . ആയതിനാൽ നമ്മുടെ എല്ലാ വാർഡുകളിലും ഇനിയും

എല്ലാ പൊതുവഴികളിലും സമ്പൂർണ്ണ LED വിളക്കുകൾ സ്ഥാപിക്കാനും , സ്ട്രീറ്റ് ലൈൻ സ്ഥാപിക്കാൻ ഈ ബജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തുന്നു. അത് വഴി വൈദ്യുത ചാർജ്ജ് വിഹിതം കുറയ്ക്കുക എന്ന ലക്ഷ്യവും പഞ്ചായത്ത് മുന്നോട്ട് വയ്ക്കുന്നുണ്ട്.

## വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ ISO സർട്ടിഫിക്കേഷൻ

സേവനങ്ങൾ കൊടുക്കുക മാത്രമല്ല കൊടുക്കുന്ന സേവനങ്ങളിലെ മികവും , സുതാര്യതയും വേഗതയും ആധുനിക കാലത്തെ സേവന മേന്മകളിൽ ഉൾപ്പെടുന്നു...മനുഷ്യന്റെ നിലവിളി കേട്ടുത്താൻ ഓടിക്കൂടുന്ന നന്മയേക്കാൾ സുന്ദരമായി മറ്റൊന്നും ഇല്ല എന്ന കെ .ജി. ശങ്കരപ്പിള്ളയുടെ കവിത പോലെ, ഓരോ ഫയലും ഓരോ മനുഷ്യരുടെ ജീവനനാണ്എന്ന് നാം കാണണം . ആ മനുഷ്യർക്ക് വളരെ വേഗത്തിൽ ഗുണമേന്മയോടെ സേവനങ്ങൾ കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് . നമ്മുടെ പഞ്ചായത്തിലെ വിട്ട് കിട്ടിയ എല്ലാ സ്ഥാപനങ്ങൾക്കും ISO സർട്ടിഫിക്കേഷൻ നാം ലക്ഷ്യമാക്കുന്നത്. ആദ്യ ഘട്ടത്തിൽ നാലുകെട്ട് കുടംബാരോഗ്യ കേന്ദ്രം , കൊരട്ടി കൃഷിഭവൻ എന്നിവ ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കാൻ 10 ലക്ഷം രൂപ വകയിരുത്തുന്നു.

## എല്ലാ വാർഡുകളിലും ഇ-സേവ കേന്ദ്രങ്ങളായി അംഗനവാടികളെ മാറ്റും

കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് ഘട്ടം ഘട്ടമായി സീറോ ക്യൂ പഞ്ചായത്തായി മാറ്റുന്നതിനും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾക്കുള്ള അപേക്ഷകൾ ലോകത്തിൽ എവിടെനിന്നും സമർപ്പിക്കുന്നതിനും , അവിടെനിന്നു തന്നെ സേവനങ്ങൾ സ്വീകരിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനായി കൊരട്ടി പഞ്ചായത്തിന്റെ ഈ ബജറ്റ് മുഖ്യ പരിഗണന കൊടുക്കുന്നു. നമ്മുടെ അംഗനവാടികളെ പൂർ

ണ്ണമായി ഹൈടെക്ക് അംഗനവാടികളാക്കി മാറ്റുകയും , അവിടെ പഞ്ചായത്തിൽ വരാതെ തന്നെ പൊതുജനങ്ങൾക്ക് എല്ലാ ദിവസവും നിശ്ചിത സമയത്ത് സേവനം ലഭ്യമാക്കുന്ന ഇ-സെന്ററുകൾ സ്ഥാപിക്കും. അത് വഴി അതിവേഗത്തിൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇ-സെന്റർ സേവാഗ്രാം പദ്ധതിക്ക് ഈ ബജറ്റിൽ 20 ലക്ഷം വകയിരുത്തുന്നു.

## പൊൻപുലരി

## വയോജന സൗഹൃദ-സ്ത്രീ സൗഹൃദ-ഭിന്നശേഷി സൗഹൃദ -ബാലസൗഹൃദ പഞ്ചായത്ത്

ജനകീയാസൂത്രണം 25 വർഷം കഴിഞ്ഞിട്ടും നമ്മുടെ പഞ്ചായത്തിനെ സമ്പൂർണ്ണമായി വയോജന സൗഹൃദ-സ്ത്രീ സൗഹൃദ-ഭിന്നശേഷി സൗഹൃദ -ബാലസൗഹൃദ പഞ്ചായത്തായി ഉയർത്താൻ, പ്രഖ്യാപിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതിന്റെ ആദ്യ ഘട്ടം നാം പിന്നിട്ടിട്ടുണ്ട് . എങ്കിലും അതിന്റെ ഏകോപനം ഇന്നും സാധ്യമായിട്ടില്ല . കിലയുടെ സഹായത്തോടെ കൊരട്ടി പഞ്ചായത്തിനെ മേൽ പറഞ്ഞ സൗഹൃദ ഇടമാക്കി മാറ്റാൻ ഉള്ള പദ്ധതികൾക്കായി 55 രൂപ വകയിരുത്തിയിരിക്കുന്നു.

" മാറ്റുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ മാറ്റുമതു നിങ്ങളെത്താൻ"

സമൂഹത്തിന്റെ മാറ്റത്തിനായുള്ള മുറവിളി കുമാരനാശാന്റ ഈ സ്നേഹ ഗായകന്റെ വരികളിൽ ഉണ്ട് ..... നമുക്ക് ഒരുമിച്ച് ഈ മാറ്റങ്ങളിലേക്ക് കൈകോർത്ത് മുന്നേറാം. അതിന്റെ ഏറ്റവും വലിയ പദ്ധതിക്കായി ഇതിനെ നമുക്ക് മാറ്റാം.

## കൊരട്ടി സ്പോട്സ് ഹബ്ബ്

കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ വളരെ വലിയ കായിക പാരമ്പര്യം മുന്നോട്ട് കൊണ്ട് പോകാൻ ഇടക്കാലത്ത് നമുക്ക് കഴിഞ്ഞില്ല . മനസ്സാലെ നമ്മൾ നിനയ്ക്കാത്തതെല്ലാം കൊടുങ്കാറ്റു പോലെ വന്ന കാലത്ത് ...പ്രളയം, കോവിഡ്, അതിന്റെ അവസ്ഥാന്തര വിത്യാസങ്ങൾ എല്ലാം നമുക്ക് മുന്നോട്ടുള്ള പ്രയാണത്തിൽ തടസ്സമായി നിലകൊണ്ടു . എന്നാൽ കൊരട്ടി അതിന്റെ യശസ്സ് തിരിച്ചു പിടിക്കുക തന്നെ ചെയ്യും. യുവാക്കളുടെ ഏറ്റവും വലിയ ആവിശ്യങ്ങളിൽ ഒന്നായ ടർഫ് സ്റ്റേഡിയം സാക്ഷാത്കരിക്കുക എന്നത് കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ് . ആയതിലേക്ക് കൊരട്ടി പഞ്ചായത്തിന് സ്ഥലം ഏറ്റെടുക്കുവാനും , കൊരട്ടി സ്പോട്സ് ഹബ്ബ് പണിയാനും, ഒപ്പം നമ്മുടെ കോന്നൂർ പഞ്ചായത്ത് ഗ്രൗണ്ട് ആധുനീകരിക്കാനും 1.25 കോടി രൂപ വകയിരുത്തുന്നു. മികച്ച

10 ത്തോളം ദേശീയ താരങ്ങളെ വളർത്തിയെടുക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. വളരെ ചെറിയ പ്രായം മുതൽ ചിട്ടയായ പരിശീലനവും തുടർച്ചയായ മത്സര വേദികളും സൃഷ്ടിച്ച് മികച്ച നിലവാരം പുലർത്തുന്ന കായികതാരങ്ങളെ വാർത്തെടുക്കുക എന്നതും മികച്ച കായിക മത്സരങ്ങൾ സംഘടിപ്പിക്കുക വഴി ഗ്രാമപഞ്ചായത്തിലെ വ്യാപാര -കച്ചവട-തൊഴിൽ-പാർപ്പിട മേഖലകളിൽ വലിയ വളർച്ചയും ഒപ്പം ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതനിലവാരവും 14-ാം പദ്ധതി കാലയളവിൽ ഉണ്ടാകുന്നതിന് മികച്ച അടിത്തറ സൃഷ്ടിക്കുന്നതാണ് ഈ ബജറ്റ്

**<u>റോഡുകൾ</u>**

പഞ്ചായത്തിന്റെ ഗ്രാമീണ റോഡുകൾ ആധുനികരിക്കുക എന്നത് ഏറ്റവും വലിയ സ്വപനം തന്നെയാണ്. ആയതിലേക്ക് നമ്മുടെ പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ് ഇപ്പോൾ നാം തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഒപ്പം എല്ലാ റോഡുകളിലും ദിശാ ബോർഡ് എന്നതും ഇപ്പോൾ സാധ്യമായിരിക്കുന്നു. അടുത്ത ലക്ഷ്യമായി നമ്മുടെ എല്ലാ റോഡുകളും ആധുനികരിക്കുന്നതിനും, മികച്ച ജല നിർഗ്ഗമന സംവിധാനം ഒരുക്കുന്നതിനും പുനരുദ്ധാരണത്തിനും ആയി 2.90 കോടി രൂപ ബഡ്ജറ്റിൽ മാറ്റി വയ്ക്കുന്നു.

**<u>കൃഷി</u>**

കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ കാർഷിക പുരോഗതിക്ക് അടിത്തറയിടാൻ ഈ കഴിഞ്ഞ വർഷം നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് ഏറെ ചാരിതാർത്ഥ്യമാണ്. മുടപ്പുഴ 10-ാം വാർഡ്, ചിറങ്ങര 14-ാം വാർഡ് എന്നിവിടങ്ങളിൽ തരിശായി കിടക്കുന്ന കൃഷിയിടങ്ങളിൽ ഏറെ വർഷങ്ങൾക്ക് ശേഷം വിത്തിറക്കാനും, നൂറുമേനി കൊയ്തെടുക്കാനും കഴിഞ്ഞു. പ്രസ്തുത പദ്ധതികൾക്ക് നേതൃത്വം നൽകിയ എല്ലാ ജന പ്രതിനിധികളേയും , ഉദ്യോഗസ്ഥരേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു . കൊരട്ടി പഞ്ചായത്തിനെ തരിശ് രഹിത -ഹരിത പഞ്ചായത്തായി മാറ്റുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>ഗ്രീൻ കൊരട്ടി കെയർ കൊരട്ടി</u>**

ഇക്കഴിഞ്ഞ കാലയളവിൽ ഏറെ ജന ശ്രദ്ധപിടിച്ചു പറ്റിയ പദ്ധതിയാണ് ഗ്രീൻ കൊരട്ടി കെയർ കൊരട്ടി പദ്ധതി. നമ്മുടെ കൊരട്ടിയെ മാലിന്യ വിമുക്തമാക്കുക എന്ന ലക്ഷ്യത്തോട് കൂടി നാം ആരംഭിച്ച ഗ്രീൻ കൊരട്ടി കെയർ കൊരട്ടി ഇന്ന് ജില്ലയിൽ തന്നെ ശ്രദ്ധിക്കപ്പെട്ട സംരംഭമാണ്. നമ്മുടെ ബോട്ടിൽ ബൂത്ത് മാതൃക ഇന്ന് ജില്ലയിൽ എമ്പാടും

സ്ഥാപിക്കുകയാണ്. ഹരിത കർമ്മ സേനയെ ആധുനികവൽക്കരിക്കാനും , നമ്മുടെ നിലവിലുള്ള പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരണ പ്ലാന്റിന്റെ വിപുലീകരണത്തിനും 1 കോടി രൂപ വകയിരുത്തുന്നു. അത് വഴി സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച ശുചിത്വ പഞ്ചായത്തായി കൊരട്ടിയെ മാറ്റുന്നതിനും മാലിന്യ സംസ്കരണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തിക്കുവാനും നമുക്ക് കഴിയും.

## കൊരട്ടി ശ്രീ ഫുഡ്

സംസ്ഥാന സർക്കാരിന്റെ തന്നെ ഏറ്റവും പ്രഖ്യാപിതമായ ലക്ഷ്യങ്ങളിൽ ഒന്നാണ് 1000 പേരിൽ 5 പേർക്ക് ഒരു തൊഴിൽ കൊടുക്കുക എന്നത്. അതിന് എത്രയോ മുമ്പ് നമ്മുടെ പഞ്ചായത്ത് അത് സ്വപ്നം കണ്ടു. നമ്മുടെ പഞ്ചായത്തും കുടുംബശ്രീയും ആയി സഹകരിച്ച് തുടക്കത്തിൽ 100 പേർക്ക് ഘട്ടം ഘട്ടമായി 500 സ്ത്രീകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന പദ്ധതിയായി ഇതിനെ മാറ്റണം എന്നാണ് നാം ആഗ്രഹിക്കുന്നത്. പ്രഭാത ഭക്ഷണം തൊട്ട് അത്താഴം വരെ ഈ സ്ഥാപനത്തിൽ നിന്ന് ആവശ്യാനുസരണം , ഗുണമേന്മയോടെ ലഭ്യമാക്കാൻ കഴിയുന്ന ഒരു പദ്ധതി. ഒപ്പം സമൂഹ അടുക്കള എന്നതും നാം ലക്ഷ്യമാക്കുന്നുണ്ട്. ആയതിന്റെ കെട്ടിടനിർമ്മാണം നാം പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനത്തിന് ജില്ലാ, ബ്ലോക്ക് സഹായത്തോടെ 25 ലക്ഷം വകയിരുത്തുന്നു

## ആർജ്ജവം – സ്ത്രീകൾക്ക് ജിംനേഷ്യം

ജീവിത ശൈലി രോഗങ്ങൾ കൊണ്ട് പൊറുതിമുട്ടുന്നവരായി നമ്മുടെ വയോജനങ്ങളും സ്ത്രീകളും മാറിയിട്ടുണ്ട്. ആരോഗ്യമുള്ള ജനതയാണ് ഒരു നാടിന്റെ സമ്പത്ത് എന്നത് തിരിച്ചറിഞ്ഞുകൊണ്ട് കൊരട്ടി പഞ്ചായത്തിന്റെ 3 കേന്ദ്രങ്ങളിലെ വനിതകൾക്കായി , ഇൻ ഡോർ ജിംനേഷ്യം സ്ഥാപിക്കാനും, കരാട്ടെ, യോഗ, തായ്ക്കോണ്ട പരിശീലനം നൽകാനു ആയി CSR പൊതുഫണ്ടുകൾ ഉപയോഗിച്ച് 17 ലക്ഷത്തോളം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## പ്രതീക്ഷ – സിവിൽ സർവ്വീസ് അക്കാദമി

കോവിഡിനെ തുടർന്ന് നമുക്ക് ആരംഭിക്കുവാൻ കഴിയാത്ത ഒരു സ്വപ്ന പദ്ധതിയാണ് പ്രതീക്ഷ. കൊരട്ടി സിവിൽ സർവ്വീസ് അക്കാദമി എന്നത് നമ്മുടെ വിദ്യാർത്ഥികളിൽ ഏറ്റവും മിടുക്കരെ കണ്ടെത്തി അവരെ മികച്ച സിവിൽ സർവ്വീസുകാരാക്കുക എന്നതിനൊപ്പം IIT, AIMS, IIM, IISER പോലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കൊരട്ടിയിലെ കുട്ടികളെ എത്തിക്കാൻ കഴിയും എന്ന ലക്ഷ്യത്തോടെ ഈ ബജറ്റിൽ പ്രതീക്ഷ പദ്ധതിക്കായി 2 ലക്ഷം രൂപ വകയിരുത്തുന്നു.

## പട്ടികജാതി – പ്രീ എക്സാമിനേഷൻ പദ്ധതി

നമ്മുടെ പഞ്ചായത്ത് പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ആയി ഉന്നത നിലവാരമുള്ള പരീക്ഷ പരിശീലനം ലഭ്യമാക്കാനുള്ള പദ്ധതിക്കായി കൊരട്ടി പഞ്ചായത്തിലെ പെരുമ്പി സ്നേഹനഗർ കെട്ടിടത്തിൽ ഇപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ വർഷം മുതൽ ആയതിന്റെ പരിശീലന പരിപാടികൾ ആരഭിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമായി 2 ലക്ഷം വകയിരുത്തുന്നു.

## അതിദരിദ്രർക്കുള്ള സഹായ പദ്ധതി

സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുള്ള അതി ദരിദ്രർ ഇല്ലാത്ത സംസ്ഥാനം എന്ന ആശയത്തിനോട് ചേർന്ന് നിന്നുകൊണ്ട് കൊരട്ടി പഞ്ചായത്ത് സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുള്ള അതി ദരിദ്രർക്കുള്ള സഹായ പദ്ധതിയിലേക്ക് ഈ ബജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുന്നു, അവരുടെ ഭക്ഷണം , മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

## പഞ്ചായത്ത് ലൈബ്രറി – ഇ-ലൈബ്രറി ആധുനീകരണം

കൊരട്ടി ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ ഗ്രന്ഥശാലയും സാസ്കാരിക സ്ഥാപനവുമായ കൊരട്ടി പഞ്ചായത്ത് ലൈബ്രറിയുടെ ആധുനീകരണവും ഇ-ലൈബ്രറി ആക്കിമാറ്റലും ഈ വർഷത്തെ മുൻഗണന പദ്ധതികളിലൊന്നായി മുന്നോട്ട് വക്കുന്നു . പ്രതിമാസ സാംസ്കാരിക സായാഹ്നം, ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി പരിശീലനം, കുട്ടികൾക്കുള്ള ലൈബ്രറി എന്നിവയും ആധുനീകരണത്തിന്റെ ഭാഗമായി ലക്ഷ്യം വക്കുന്നു . ആയതിനായി 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

മേൽ കാണിച്ചവ ഈ ബജറ്റിലെ പ്രത്യേക ശ്രദ്ധ കൊടുക്കുന്ന ചില പദ്ധതികൾ മാത്രമാണ്. ഇവ കൂടാതെ കൊരട്ടി ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗങ്ങളുടെയും നാനാ തുറകളിലുള്ള ജനങ്ങളുടേയും ഉന്നമനം ലക്ഷ്യം വെച്ചു കൊണ്ട് പരമാവധി ശ്രോതസ്സുകളിൽ നിന്ന് വരവുകൾ ഉൾക്കൊള്ളിച്ച് ആകെ 36,92,39,046/- രൂപ പ്രതീക്ഷിത വരവും, എല്ലാ മേഖലകളുടെ വികസനവും പൊതുജന ക്ഷേമവും ഉൾക്കൊള്ളിച്ച് ആകെ 36,30,56,750/- രൂപ പ്രതീക്ഷിത ചെലവും റവന്യൂ വരുമാനത്തിന്റെ 12.5 മിച്ചവുമുള്ള ബജറ്റാണ് 2022-2023 ൽ അവതരിപ്പിക്കുന്നത്. യഥാർത്ഥ വികസനവും ജനാധിപത്യവും പുലരുന്നത് ആശ്രയമില്ലാത്തവർക്ക് തണൽ നൽകുമ്പോഴാണ്. അത്തരത്തിൽ തണലാകേണ്ടിടത്ത് സാന്ത്വനം നൽകി വികസനത്തിന്റെ പാതയിൽ കൊരട്ടിയെ നയിക്കുന്നതിനായി ഈ വാർഷിക ബജറ്റ് വിശദമായ ചർച്ചക്കും നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി ഈ യോഗം മുമ്പാകെ വിനയപൂരസ്സരം സമർപ്പിക്കുന്നു.

എന്ന്

ഷൈനി ഷാജി

വൈസ് പ്രസിഡന്റ്, കൊരട്ടി ഗ്രാമപഞ്ചായത്ത്

# കൊരട്ടി ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2022-23

## 1.വരവുകൾ

| 1(1) നികുതി വരവുകൾ | |
|---|---|
| കെട്ടിടനികുതി | 16,500,000 |
| തൊഴിൽനികുതി | 7,000,000 |
| | **23,500,000** |

| 1(2) നികുതി ഇതര വരവുകൾ | |
|---|---|
| ഡി&ഒ ലൈസൻസ് ഫീസ് | 600,000 |
| യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് | 100,000 |
| കെട്ടിട നിർമ്മാണ ചട്ടം,പെർമിറ്റ് ഫീസ്,റെഗുലറൈസേഷൻ ഫീസ് | 700,000 |
| വളർത്തുനായ/പന്നി ലൈസൻസ് ഫീസ് | 3,000 |
| സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫിസ് | 6,000 |
| ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫിസ് | 1,500 |
| ജനന മരണ രജിസ്ട്രേഷൻ | 10,000 |
| വിവാഹ രജിസ്ട്രേഷൻ | 25,000 |
| വിവരാവകാശ നിയമപ്രകാരമുള്ള പകർപ്പ് ഫീസ് | 5,000 |
| പിഴപ്പലിശ/ഫൈൻ | 300,000 |
| വാടക | 2,500,000 |
| ലൈബ്രറി വരവുകൾ | 35,000 |
| ഡിമാൻഡ് നോട്ടീസ്,വാറണ്ട് ഫീസ് | 125,000 |
| ബാങ്ക് പലിശ | 1,500,000 |
| അപേക്ഷാഫീസ് | 15,000 |
| ലേലവരവുകൾ-തടി,കുളം,ചാൽ,മേലാദായം | 500,000 |
| പേപ്പർ,ഉപയോഗയോഗ്യമല്ലാത്ത മറ്റ് വസ്തുക്കളുടെ വിൽപ്പന | 200,000 |
| മാർക്കറ്റ് ലേലം | 0 |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റ് ഫോറങ്ങളുടെയും വിൽപന | 400,000 |
| വിട്ടുകിട്ടിയ സ്ഥാപനങ്ങളീൽ നിന്നുള്ള വരവുകൾ | 82,500 |
| ക്രിമിറ്റോറിയം ഫീസ് | 1,500,000 |
| മറ്റുള്ളവ | 660,000 |
| **ആകെ നികുതി ഇതര വരവുകൾ** | **9,268,000** |

| 1(3) ജനറൽ പർപ്പസ് ഫണ്ട് | |
|---|---|
| ജനറൽ പർപ്പസ് ഫണ്ട് | **16281000** |

**ആകെ റവന്യൂവരവുകൾ** **49,049,000**

### 1(4) സംസ്ഥാന ആവിഷ്കൃത ഫണ്ട്

| | |
|---|---|
| വാർദ്ധക്യ കാല പെൻഷൻ | 40,000,000 |
| വിധവ പെൻഷൻ | 15,000,000 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,600,000 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായം | 450,000 |
| വികലാംഗ പെൻഷൻ | 3,500,000 |
| കർഷകതൊഴിലാളി പെൻഷൻ | 3,500,000 |
| തൊഴിൽ രഹിത വേതനം | 0 |
| കൃഷി വകുപ്പ് | 500,000 |
| മൃഗസംരക്ഷണ വകുപ്പ് | 500,000 |
| സംസ്ഥാന സ്പോട്സ് കൗൺസിൽ | 2,500,000 |
| **ആകെ** | **67,550,000** |

### 1(5)സംസ്ഥാന സർക്കാരിൽ നിന്നുള്ള മറ്റ് വരവുകൾ

| | |
|---|---|
| ശുചിത്വ മിഷനിൽ നിന്നുള്ള ധനസഹായം | 5,000,000 |
| കേരളോത്സവം | 100,000 |
| പകർച്ചവ്യാധി നിയന്ത്രണ സഹായ ഫണ്ട് | 2,500,000 |
| സാക്ഷരത | 50,000 |
| ജൽ ജീവൻ മിഷൻ വിഹിതം | - |
| സ്നേഹക്കൂടാരം | 5,400,000 |
| **ആകെ** | **13,050,000** |

### 1(6) പദ്ധതിവിഹിതം വരവുകൾ

| | |
|---|---|
| വികസന ഫണ്ട് ജനറൽ | 19,407,000 |
| വികസന ഫണ്ട് എസ്.സി.പി | 8,523,000 |
| വികസന ഫണ്ട് റ്റി.എസ്.പി | - |
| ധനകാര്യ കമ്മീഷൻ അവാർഡ്(ബേസിക് ഗ്രാൻറ്) | 3,129,000 |
| ധനകാര്യ കമ്മീഷൻ അവാർഡ്(ടൈഡ് ഗ്രാൻറ്) | 4,693,000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 25,116,000 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 12,260,000 |
| **പദ്ധതിവിഹിതം ആകെ** | **73,128,000** |
| **മറ്റ് വരവുകൾ** | |
| എം.എല്.എ പദ്ധതികൾ | **10,000,000** |
| എം.പി. ഫണ്ട് വിഹിതം | **10,000,000** |
| സി.എസ്. ആർ ഫണ്ട് വിഹിതം | **22,700,000** |
| | **42,700,000** |

## 1(7)കേന്ദ്രാവിഷ്കൃത പദ്ധതി

| | |
|---|---|
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 35,000,000 |
| അനുപൂരക പോഷകാഹാര പദ്ധതി | 2,500,000 |
| സ്വച്ഛ് ഭാരത് മിഷൻ നിന്നുള്ള ധനസഹായം | 5,000,000 |
| **ആകെ** | **42,500,000** |
| | |

## 1(8)മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 20,000,000 |
| ജില്ലാ പഞ്ചായത്ത് | 20,000,000 |
| **ആകെ** | **40,000,000** |

## 1(9)ഗുണഭോക്തൃ വിഹിതം

| | |
|---|---|
| ഗുണഭോക്തൃ വിഹിതം | 1,500,000 |
| ഹരിതകർമ്മ സേന യൂസർഫീ | 5,000,000 |
| സ്നേഹക്കൂടാരം | 2,700,000 |
| **ആകെ** | **9,200,000** |
| | |

## 1(12)ഋണശീർഷക്കണക്കുകൾ

| | |
|---|---|
| നിരത ദ്രവ്യം | 920,000 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 1,207,500 |
| പ്രോവിഡന്റ് ഫണ്ട് | 1,500,000 |
| പെൻഷൻ കോൺട്രിബ്യൂഷൻ | 1,400,000 |
| എസ്.എൽ.ഐ, ജി.ഐ.എസ്,എൽ.ഐ.സി | 201,250 |
| ആദായ നികുതി | 600,000 |
| ജി. എസ് റ്റി | 500,000 |
| വെൽഫയർ ഫണ്ട് | 125,000 |
| ലൈബ്രറിസെസ് | 850,000 |
| **ആകെ** | **7,303,750** |
| **ആകെ വരവുകൾ** | **344,480,750** |
| **മുൻബാക്കി** | **24,758,296** |
| **ഒട്ടാകെ** | **369,239,046** |

# കൊരട്ടി ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2022–23

## (2)ചെലവുകൾ

### 2(1) എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ

| | |
|---|---|
| ജീവനക്കാരുടെ ശമ്പളം | 18,000,000 |
| ദിവസവേതനക്കാരുടെ വേതനം | 3,000,000 |
| ബോണസ്,ഉൽസവ ബത്ത | 500,000 |
| ജീവനക്കാരുടെ യാത്രാ പടി | 500,000 |
| മെഡിക്കൽ റീ–ഇംബേഴ്സ്മെന്റ് | 200,000 |
| മറ്റ് അലവൻസ്കൾ | 1,300,000 |
| ജനപ്രതിനിധികളുടെ ഹോണറേറിയം | 2,200,000 |
| ജനപ്രതിനിധികളുടെ സിറ്റിംഗ് ഫീ | 400,000 |
| ജനപ്രതിനിധികളുടെ യാത്രാപ്പടി | 300,000 |
| ടെർമിനൽ സറണ്ടർ | 500,000 |
| **ആകെ** | **26,900,000** |

### 2(2) ഭരണച്ചെലവുകൾ

| | |
|---|---|
| ഓഫീസ് , മറ്റു കറന്റ് ചാർജ്ജ് | 500,000 |
| കറന്റ് ചാർജ്ജ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ | 300,000 |
| ഓഫീസ് വെള്ളക്കരം | 50,000 |
| വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം | 800,000 |
| ഓഫീസ് മെയിന്റനൻസ് ചെലവുകൾ | 500,000 |
| ഓഫീസ് ടെലഫോൺ, ഇൻറർനെറ്റ്, കേബിൾ ചാർജ്ജ് | 150,000 |
| ടെലഫോൺ ചാർജ്ജ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ | 150,000 |
| തപാൽ ചെലവ് | 150,000 |
| പ്രിന്റിംഗ് ചെലവുകൾ | 250,000 |
| സ്റ്റേഷനറി ചെലവുകൾ | 200,000 |
| വക്കീൽഫീസ് | 300,000 |
| പത്രപരസ്യം | 200,000 |
| മറ്റ് പരസ്യങ്ങളും പബ്ലിസിറ്റി ചാർജ്ജും | 125,000 |
| പഞ്ചായത്ത് രാജ് വരിസംഖ്യ,വെബ്സൈറ്റ്, മെസേജ് വരിസംഖ്യ | 150,000 |
| അസാധാരണ ചെലവുകൾ | 300,000 |
| ഗ്രാമസഭ ചെലവുകൾ | 500,000 |
| മറ്റ് ഭരണച്ചെലവുകൾ | 2,500,000 |
| തെരഞ്ഞെടുപ്പ് ചെലവുകൾ | 200,000 |
| ലോഡിംഗ് അൺലോഡിംഗ് ചാർജസ് | 50,000 |
| ആശാൻഗ്രാന്റ് | 250,000 |
| ഡീസൽ ചാർജ്ജ് | 500,000 |
| വാഹന ഇൻഷ്വറൻസ് | 250,000 |
| പത്രം വരിസംഖ്യ | 100,000 |
| വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ | 500,000 |
| **ആകെ** | **8,975,000** |

## 2(3) അനിവാര്യചെലവുകളും മറ്റ് പൊതുചെലവുകളും

| | |
|---|---|
| തെരുവ് വിളക്ക് കറണ്ട് ചാർജ്ജ് | 4,000,000 |
| പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് | 1,000,000 |
| കെട്ടിടം അറ്റകുറ്റപ്പണി (പെറ്റി വർക്സ്) | 100,000 |
| റോഡ് അറ്റകുറ്റപ്പണി((പെറ്റി വർക്സ്) | 100,000 |
| ഓഫീസ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി | 500,000 |
| അജ്ഞാത ശവം മറവ് ചെയ്യൽ | 100,000 |
| അപകടകരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റൽ | 150,000 |
| അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ | 300,000 |
| അനധികൃത നിർമ്മാണം നീക്കം ചെയ്യൽ | 300,000 |
| ശുചീകരണ,രോഗപ്രധിരോധപ്രവർത്തനങ്ങൾ (കോവിഡ് 19 ഉൾപ്പെടെ) | 3,000,000 |
| വരൾച്ച , വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ | 700,000 |
| സാക്ഷരത | 50,000 |
| **ആകെ** | **10,300,000** |

## 2(4) സാമൂഹ്യ സുരക്ഷിതത്വപെൻഷനും മറ്റ് സംസ്ഥാന ആവിഷ്കൃത ഫണ്ട് ചെലവുകളും

| | |
|---|---|
| വാർദ്ധക്യ കാല പെൻഷൻ | 40,000,000 |
| വിധവ പെൻഷൻ | 15,000,000 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,600,000 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 450,000 |
| വികലാംഗ പെൻഷൻ | 3,500,000 |
| കർഷകതൊഴിലാളി പെൻഷൻ | 3,500,000 |
| തൊഴിൽ രഹിത വേതനം | - |
| കൃഷി വകുപ്പ് | 500,000 |
| മൃഗസംരക്ഷണ വകുപ്പ് | 500,000 |
| സംസ്ഥാന സ്പോട്സ് കൗൺസിൽ | 2,500,000 |
| പന്ത്രണ്ടിന പരിപാടി | |
| **ആകെ** | **67,550,000** |

## 2(5) മറ്റ് നോൺ പ്ലാൻ ചെലവുകൾ

| | |
|---|---|
| കേരളോൽസവം | 100,000 |
| **ആകെ** | **100,000** |

## 2(6)വാർഷിക പദ്ധതി റവന്യൂ ചെലവുകൾ

| | |
|---|---|
| വികസന ഫണ്ട് ജനറൽ | 19,407,000 |
| വികസന ഫണ്ട് എസ്.സി.പി | 8,523,000 |
| വികസന ഫണ്ട് റ്റി.എസ്.പി | - |
| ധനകാര്യ കമ്മീഷൻ അവാർഡ്(ബേസിക് ഗ്രാൻറ്) | 3,129,000 |
| ധനകാര്യ കമ്മീഷൻ അവാർഡ്(ടൈഡ് ഗ്രാൻറ്) | 4,693,000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 25,116,000 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 12,260,000 |
| **പദ്ധതിവിഹിതം ആകെ** | **73,128,000** |

| മറ്റ് പദ്ധതികൾ | |
|---|---|
| ശുചിത്വ പദ്ധതികൾ (ഹരിത കർമ്മസേന ഉൾപ്പെടെ) | 10,000,000 |
| ഉത്പാദന മേഖല പദ്ധതികൾ – ഗുണഭോക്തൃവിഹിതം | 1,500,000 |
| ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകൾ ആക്കി മാറ്റൽ (സ്നേഹക്കൂടാരം) | 10,800,000 |
| സ്പോർട്സ് കോംപ്ലക്സ് കം പാർക്ക് | 12,500,000 |
| പെർഫോമൻസ് ബേസ്ഡ് പ്രോജക്ട് | 3,800,000 |
| ജില്ലാ പഞ്ചായത്ത് പദ്ധതികൾ | 20,000,000 |
| ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ | 20,000,000 |
| ജൽ ജീവൻ മിഷൻവിഹിതം | 5,000,000 |
| എം.എല്‍.എ) വിഹിതം | 10,000,000 |
| എം.പി. ഫണ്ട് വിഹിതം | 10,000,000 |
| സി.എസ്. ആർ ഫണ്ട് വിഹിതം | 22,700,000 |
| **ആകെ** | **126,300,000** |

| 2(7)കേന്ദ്രാവിഷ്കൃത പദ്ധതി | |
|---|---|
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 35,000,000 |
| അനുപൂരക പോഷകാഹാര പദ്ധതി | 2,500,000 |
| സ്വച്ഛ് ഭാരത് മിഷൻ നിന്നുള്ള ധനസഹായം | **5,000,000** |
| **ആകെ** | **42,500,000** |

| 2(11)ഋണശീർഷക്കണക്കുകൾ | |
|---|---|
| നിരത ദ്രവ്യം | 920,000 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 1,207,500 |
| പ്രോവിഡന്റ് ഫണ്ട് | 1,500,000 |
| പെൻഷൻ കോൺട്രിബ്യൂഷൻ | 1,400,000 |
| എസ്.എൽ.ഐ, ജി.ഐ.എസ്,എൽ.ഐ.സി | 201,250 |
| ആദായ നികുതി | 600,000 |
| ജി എസ് ടി | 500,000 |
| വെൽഫയർ ഫണ്ട് | 125,000 |
| ലൈബ്രറിസെസ് | 850,000 |
| **ആകെ** | **7,303,750** |
| | |
| **ആകെ ചെലവ്** | **363,056,750** |

## ബജറ്റ് സംഗ്രഹം 2022–23

| | |
|---|---|
| **പ്രാരംഭ ബാക്കി** | **24,758,296** |
| **പ്രതീക്ഷിത വരവ്** | **344,480,750** |
| **ആകെ** | **369,239,046** |
| **പ്രതീക്ഷിത ചെലവ്** | **363,056,750** |
| **പ്രതീക്ഷിത മിച്ചം** | **6,182,296** |

| പ്രോജക്ടുകളുടെ വിവരങ്ങൾ | തുക | വിഭാഗം |
|---|---|---|
| ലൈഫ് ഭവനപദ്ധതികൾ | 3881400 | (വികസനഫണ്ട് - പൊതുവിഭാഗം) |
| | 1704600 | (വികസനഫണ്ട് - എസ്.സി.പി) |
| ഉത്പാദന മേഖല | 4657680 | (വികസനഫണ്ട് - പൊതുവിഭാഗം) |
| വനിത ഘടകപദ്ധതികൾ | 2234400 | (വികസനഫണ്ട് - പൊതുവിഭാഗം) |
| കൊരട്ടി ശ്രീ ഫുഡ് പദ്ധതി | 2500000 | 1000000(പഞ്ചായത്ത്)+ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ജെന്റർ റിസോഴ്സ് സെന്റർ, ജാഗ്രത സമിതി, ലിംഗപദവി/സ്ത്രീ പദവി പഠനം | | 600000 |
| ആർജ്ജവം - സ്ത്രീപക്ഷ നവകേരളം പദ്ധതി | | 634400(വികസനഫണ്ട്)+1000000 (സി.എസ്.ആർ ഫണ്ട്) |
| കുട്ടികൾ, ഭിന്നശേഷിയുള്ളവരുടെ ക്ഷേമം | 1117200 | (വികസനഫണ്ട് - പൊതുവിഭാഗം) |
| ബാലസൗഹൃദ പഞ്ചായത്ത് - പ്രവർത്തനങ്ങൾ | | 558600 |
| ഭിന്നശേഷി സൌഹൃദ പഞ്ചായത്ത് - പ്രവർത്തനങ്ങൾ | | 558600 |
| വൃദ്ധർ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ | 1117200 | (വികസനഫണ്ട് - പൊതുവിഭാഗം) |
| സമ്പൂർണ്ണ വയോ സൗഹൃദ പഞ്ചായത്ത് - പ്രവർത്തനങ്ങൾ - വയോജനസൗഹൃദ ഓഫീസുകൾ, ആശുപത്രികൾ, വയോക്ലബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ - കെയർടേക്കറുടെ സേവനം ലഭ്യമാക്കൽ | 900000 | (വികസനഫണ്ട് - പൊതുവിഭാഗം) |
| **അനിവാര്യ വകയിരുത്തലുകൾക്കായുള്ള പദ്ധതികൾ** | | |
| അങ്കണവാടി പോഷകാഹാര വിതരണം | 1500000 | (വികസനഫണ്ട് - പൊതുവിഭാഗം) |
| | 200000 | (വികസനഫണ്ട് - എസ്.സി.പി) |
| SSK(സമഗ്ര ശിക്ഷാ കേരളം) | 900000 | (വികസനഫണ്ട് - പൊതുവിഭാഗം) |
| | 500000 | (വികസനഫണ്ട് - എസ്.സി.പി) |
| പാലിയേറ്റീവ് കെയർ | 217200 | (വികസനഫണ്ട് - പൊതുവിഭാഗം) |
| ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 680000 | (വികസനഫണ്ട് - പൊതുവിഭാഗം) |
| PMAY | 70000 | (വികസനഫണ്ട് - പൊതുവിഭാഗം) |
| | 70000 | (വികസനഫണ്ട് - എസ്.സി.പി) |
| അഗതി രഹിത കേരളം | 100000 | (വികസനഫണ്ട് - പൊതുവിഭാഗം) |
| IKM SHARE | 80000 | (വികസനഫണ്ട് - പൊതുവിഭാഗം) |
| അതിദാരിദ്ര്യ ലഘൂകരണ പദ്ധതി | 700000 | (വികസനഫണ്ട് - പൊതുവിഭാഗം) |
| | 300000 | (വികസനഫണ്ട് - എസ്.സി.പി) |
| പഞ്ചായത്ത് - സൗരോർജ്ജ പദ്ധതി | 1500000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക്ക്, തനത് ഫണ്ട് |
| മാർക്കറ്റ് നവീകരണം | 3100000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക്ക് |
| ശുചിത്വം, മാലിന്യസംസ്കരണ പദ്ധതികൾ | 2346500 | ധനകാര്യകമ്മീഷൻ ഗ്രാൻറ് - ടൈഡ് |
| കുടിവെള്ള പദ്ധതികൾ | 2346500 | ധനകാര്യകമ്മീഷൻ ഗ്രാൻറ് - ടൈഡ് |
| റോഡ് മെയിന്റനൻസ് പ്രവൃത്തികൾ | 22116000 | മെയിന്റനൻസ് ഫണ്ട് - റോഡ് |
| 5 വർഷ ഗ്രാരന്റിയോടെ റോഡ് മെയിന്റനൻസ് | 2000000 | മെയിന്റനൻസ് ഫണ്ട് - റോഡ് |
| അടിയന്തിര സ്വഭാവമുള്ള റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിനായി മാറ്റി വക്കുന്ന വിഹിതം | 1,000,000 | മെയിന്റനൻസ് ഫണ്ട് - റോഡ് |

| പ്രോജക്ടുകളുടെ വിവരങ്ങൾ | തുക | വിഭാഗം |
|---|---|---|
| പുതിയ റോഡുകൾ | 4000000 | (വികസനഫണ്ട് – പൊതുവിഭാഗം)+തനത് ഫണ്ട് |
| അടിയന്തിര സ്വഭാവമുള്ള റോഡിതര മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിനായി മാറ്റി വക്കുന്ന വിഹിതം | 500,000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| പി.എച്ച്.സി നവീകരണം, മരുന്നുവാങ്ങൽ ഉൾപ്പെടെ | 1800000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| പഞ്ചായത്ത് സ്കൂൾ – വികസനപദ്ധതികൾ | 1000000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| കൃഷി ഭവൻ – വികസനപദ്ധതികൾ | 1000000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| അംഗൻവാടികൾ ഹൈടെക്ക് ആക്കി മാറ്റൽ & ഇ – സെന്റർ സേവാഗ്രാം പദ്ധതി | 2000000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| മൃഗാശുപത്രി – വികസനപദ്ധതികൾ, മരുന്നുവാങ്ങലുൾപ്പെടെ | 800000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധസൗകര്യങ്ങൾ | 120000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ലൈബ്രററി വികസനപദ്ധതികൾ – മെയിന്റനൻസ് | 500000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ആയുർവേദ, ഹോമിയോ ആശുപത്രി വികസനപദ്ധതികൾ – മരുന്നുവാങ്ങൽ ഉൾപ്പെടെ | 2500000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| വയോജന പരിപാലന കേന്ദ്രങ്ങളുടെ സൗകര്യവികസനം | 1000000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ഘടകസ്ഥാപനങ്ങൾ ഐ.എസ്.ഒ സ്റ്റാന്റേഡിലേക്ക് മാറ്റൽ | 1040000 | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| തരിശുരഹിത പഞ്ചായത്ത് | 1500000 | (വികസനഫണ്ട് – പൊതുവിഭാഗം)+മറ്റ് ധനകാര്യസ്ഥാപനങ്ങൾ |
| എസ്.സി ഫ്ളാറ്റ് നിർമ്മാണം | 10000000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| നിലാവ് – സമ്പൂർണ്ണ സ്ട്രീറ്റ് ലൈൻ എൽ.ഇ.ഡി പഞ്ചായത്ത് | 2000000 | വികസനഫണ്ട് + ബ്ലോക്ക് പഞ്ചായത്ത് + ജില്ലാ പഞ്ചായത്ത് വിഹിതം |
| പ്രതീക്ഷ – സിവിൽ സർവീസ് അക്കാദമി | 200000 | (വികസനഫണ്ട് – പൊതുവിഭാഗം)+തനത് ഫണ്ട്+സി.എസ്.ആർ |
| പട്ടികജാതി – പ്രീ എക്സാമിനേഷൻ പദ്ധതി | 200000 | വികസനഫണ്ട് എസ്.സി.പി |
| മറ്റുള്ള പദ്ധതികൾ | 2000000 | (വികസനഫണ്ട് – പൊതുവിഭാഗം)+തനത് ഫണ്ട് |

| | |
|---|---|
| ആകെ റവന്യൂ പദ്ധതി ചെലവ് | 59,708,000 |
| ആകെ മൂലധന പദ്ധതി ചെലവ് | 13420000 |

| മേഖല | തുക | ശതമാനം |
|---|---|---|
| ആകെ ഉത്പാദന മേഖല ചെലവ് | 9557680 | 13.07 |
| ആകെ സേവന മേഖല ചെലവ് | 38,454,320 | 52.58 |
| ആകെ പശ്ചാത്തല മേഖല ചെലവ് | 25116000 | 34.35 |

*************